LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉപദേശക സമിതി രൂപീകരിക്കാൻ നടപടി

49 [2821] ശ്രീ. കളത്തിൽ അബ്ദുള്ള :

,, സി. മമ്മൂട്ടി :

,, യു. സി. രാമൻ :

,, സി. മോയിൻകുട്ടി :

,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഉപദേശക സമിതികളിൽ യുവജന സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്തരം സമിതികൾ രൂപീകരിക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) നിലവിലുണ്ടായിരുന്ന ഉപദേശക സമിതികളിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെ യുവജന സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തിയിരുന്നു.

(ബി) സമിതികൾ രൂപീകരിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ മുൻകാല പ്രാബല്യത്തോടെ രജിസ്ട്രേഷൻ പുതുക്കുന്നതിന് നടപടികൾ

50 [2822] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റിൽ പേര് രജിസ്റ്റർ ചെയ്ത അനേകം തൊഴിൽ രഹിതർക്ക് വിവിധ കാരണങ്ങളാൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ പോയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ പത്തു കൊല്ലക്കാലമായി ഇങ്ങനെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാതെ പോയവർക്ക് മുൻകാല പ്രാബല്യം നൽകി രജിസ്ട്രേഷൻ പുതുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. സർക്കാരിന്റെ പ്രത്യേക ഉത്തരവ് പ്രകാരം ആയത് പുതുക്കി നൽകാറുണ്ട്. കൂടാതെ ഉദ്യോഗാർത്ഥിക്കോ അടുത്ത ബന്ധുക്കൾക്കോ ഉണ്ടായ രോഗം, അടുത്ത ബന്ധുക്കളുടെ മരണം, പ്രകൃതി ക്ഷോഭം, തീപിടുത്തം, കരുതൽ തടങ്കൽ, നിശാനിയമം പ്രഖ്യാപിക്കൽ, ആഭ്യന്തര കലാപം തുടങ്ങിയ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതിരുന്നവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ്/ തഹസിൽദാരുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ പുതുക്കി നൽകാറുണ്ട്.

(സി) 27-7-2001-ലെ സർക്കാർ ഉത്തരവ് പ്രകാരം 1-1-1990 മുതൽ 31-12-2000 വരെയും, 22-7-2003-ലെ ഉത്തരവു പ്രകാരം 1-1-1995 മുതൽ 31-12-2003 വരെയും റദ്ദായ രജിസ്ട്രേഷൻ പുനഃസ്ഥാപിക്കുന്നതിന് സ്പെഷ്യൽ റിന്യൂവലിന് അവസരം നൽകിയിരുന്നു. ഇക്കാര്യത്തിന് പത്ര, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലൂടെ വളരെയധികം പ്രചാരണവും നടത്തിയിരുന്നു. അതുകൊണ്ട് തന്നെ ബഹുഭൂരിപക്ഷം ആളുകളും അവരുടെ റദ്ദായ സീനിയോറിറ്റി പുനഃസ്ഥാപിച്ചിട്ടുമുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വികലാംഗ തൊഴിൽരഹിതർ

51 [2823] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വികലാംഗരായ തൊഴിൽരഹിതരുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം വികലാംഗരായ എത്ര ഉദ്യോഗാർത്ഥികൾക്ക് സർക്കാർ സർവ്വീസിലും വിവിധ വകുപ്പുകളിലും ജോലി നൽകി എന്ന് അറിയിക്കാമോ;

(സി) പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉന്നത സാങ്കേതിക പരിജ്ഞാനവും യോഗ്യതയുമുള്ള വികലാംഗരായ ഉദ്യോഗാർത്ഥികളുടെ വിവിധ ജില്ലകളിലെ കണക്ക് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly